കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ
# 2016-2017
# ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.-ടി.എസ്.ആർ.(പി.7)1707/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ - 680 020.

തീയതി. 01/12/17

e-mail: dotsr.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാട്ടുകുറ്റി ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം : കാട്ടുകുറ്റി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)-ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1) (2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-ടി.എസ്.ആർ.(പി.7)1707/17 തീയതി.01/12/17

## തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)

തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 10-10-2016 മുതൽ 17-09-2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 2016-17 സാമ്പത്തിക വർഷത്തെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 7 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.യു.ചേക്കുട്ടി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 16-10-2017 മുതൽ 25-10-2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ആശ.എം.വി., ഓഡിറ്റ് ഓഫീസർ |
| | ശ്രീ.സിജു.പി.ഡാംസൺ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ) |
| | ശ്രീമതി.ധന്യ.എ.സുരേന്ദ്രൻ, ഓഡിറ്റർ |

ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.തോമസ് ഐ.കണ്ണത്ത് | 01/04/2016-31/03/2017 |

| | | |
|---|---|---|
| സെക്രട്ടറി | ശ്രീമതി.ഏല്യാമ്മ ചാക്കോ | 01/04/2016-24/07/2016 |
| | ശ്രീ.മിജോയ് മൈക്കിൾ | 25/07/2016-17/09/2016 |
| | ശ്രീമതി.ഏല്യാമ്മ ചാക്കോ | 18/09/2016-20/11/2016 |
| | ശ്രീ.വി.എൻ നന്ദകുമാർ | 21/11/2016-31/03/2017 |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| കൃഷി ഓഫീസർ | ശ്രീമതി.മേരി വിജയ | 01/04/2016-31/03/2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി.സുന.യു.എം. | 01/04/2016-31/03/2017 |
| മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. | ഡോ.ദീപ്തി | 01/04/16-31/03/2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.ബിന്ദു പി.ആർ | 01/04/2016-31/03/2017 |
| വെറ്ററിനറി സർജൻ | ഡോ.ജോഷി.ടി.ജെ. | 01/04/2016-31/03/2017 |
| വി.ഇ.ഒ., വൈന്തല | ശ്രീമതി.ഉമൈവാൻ.പി. | 01/04/16 മുതൽ 31/03/17 വരെ |
| വി.ഇ.ഒ., കാട്ടുകുറ്റി | ശ്രീമതി.രാഖി ഏണസ്റ്റ് | 01/04/16 മുതൽ 31/03/17 വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.സൂസൻ പോൾ വിതയത്തിൽ | 01/04/2016-31/03/2017 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.സെബിൻ | 01/04/2016-31/03/2017 |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |

| | | |
|---|---|---|
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | അഭ്യന്തര നിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| | ഭാഗം 2 | |
| 12 | രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിക്കുന്നു | 2-1 |
| 13 | D&O ലൈസൻസില്ലാതെ നിറ്റ ജലാറ്റിൻ കമ്പനി പ്രവർത്തിക്കുന്നു | 2-2 |
| 14 | ഇ-ടെണ്ടർ-ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല | 2-3 |
| | ഭാഗം-3 | |
| 15 | കൃഷി ഓഫീസർ -ചെലവുകൾ ഉണ്ടായേക്കുമെന്ന പ്രതീക്ഷയിൽ തുക പിൻവലിച്ചു - ചെലവാകാത്ത 46,606 രൂപ നാളിതുവരെ തിരിച്ചടച്ചില്ല | 3-1 |
| 16 | വി.ഇ.ഒ കാട്ടുകുറ്റി - വികസന ഫണ്ടിൽ നിന്നും മുൻകൂർ ചെയ്ത ചെലവ് തുക - തിരികെ ലഭ്യമായത് സംബന്ധിച്ച് | 3-2 |
| 17 | ഐ.സി.ഡി.എസ് സൂപ്പർവൈസർ - "വയോജന കൂട്ടായ്മ/കൗൺസിലിങ്ങ്"-വികസനഫണ്ട് -കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് മാർഗ്ഗരേഖയിൽ അനുവാദമില്ല | 3-3 |
| 18 | "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ"- മരുന്ന് ലഭ്യമാക്കിയിട്ടില്ല - 1,00,000രൂപ തടസ്സപ്പെടുത്തുന്നു | 3-4 |
| 19 | രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 75,000 രൂപ തടസ്സപ്പെടുത്തുന്നു | 3-5 |
| 20 | ആശ്രയ പദ്ധതി - കുടുംബശ്രീ അക്കൗണ്ടിൽ 25.73 ലക്ഷം നീക്കിയിരിപ്പ് തുക | 3-6 |
| 21 | അന്നനാട് ഐ.സി.ഡി.പി. സബ് സെന്ററിന് വാട്ടർ കണക്ഷൻ - ഡെപ്പോസിറ്റ് തുകയുടെ വിനിയോഗവിവരം ലഭ്യമാക്കിയില്ല | 3-7 |
| 22 | കന്നുകുട്ടി പരിപാലന പദ്ധതി - കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല | 3-8 |
| 23 | പി.എച്ച്.സിയ്ക്ക് മരുന്ന് ലഭിച്ചില്ല | 3-9 |
| 24 | ബിറ്റുമിൻ കൈപ്പറ്റിയ കരാറുകാർ പ്രവൃത്തി പൂർത്തീകരിച്ചില്ല | 3-10 |
| 25 | ബിറ്റുമിൻ വാങ്ങൽ - നല്കിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചില്ല, ബിൽ പ്രകാരം മാറിയ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു | 3-11 |
| | ഭാഗം 4 | |
| 26 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |

| | | |
|---|---|---|
| 27 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 34 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |
| 35 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം 1 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 21.07.16 തിയ്യതിയിലെ 1ാം തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരം ആകെ വരവ് 140397248/- രൂപയും ചെലവ് 131385000/- രൂപയും ആണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.7.2016 | 12.07.2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക കണക്കുകളുടെ പരിശോധന നടത്തിയപ്പോൾ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ കാണുകയുണ്ടായി.

1) പഞ്ചായത്ത് നൽകിയിട്ടുള്ളതും എന്നാൽ കക്ഷികൾ നാളിതുവരെ പണമാക്കാത്തതും കാലാഹരണപ്പെട്ടതുമായ ചെക്കുകൾ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011, ചട്ടം 46-ന് വിധേയമായി "Liability in respect of Stale cheques" എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടതാണ്.

എ) ബാങ്ക് അക്കൗണ്ട് ; സ്പെഷൽ ടി.എസ്.ബി -723041400000008

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | തുക |
|---|---|---|
| 31500404 | 31/3/2016 | 1000 |
| 21500381 | 11/8/2015 | 1300 |

ബി)ബാങ്ക് അക്കൗണ്ട് ; കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് അക്കൗണ്ട് നമ്പർ ; എസ്.ബി 2744

| വൗച്ചർ നമ്പർ | വൗച്ചർ തീയതി | തുക |
|---|---|---|
| 185688 | 19/2/2016 | 500 |
| 5844271 | 11/3/2016 | 500 |
| 2600716 | 4/2/2016 | 919 |
| 184808 | 25/1/2016 | 1000 |

| | | |
|---|---|---|
| 193328 | 27/4/2016 | 1000 |
| 178676 | 8/10/2015 | 540 |
| 167592 | 27/4/2015 | 1000 |
| 144318 | 20/8/2013 | 2000 |
| 134182 | 19/5/2014 | 3840 |
| 162517 | 21/11/2014 | 150 |
| 169689 | 27/5/2015 | 720 |

2) ഡെപ്പോസിറ്റ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

3) അഡ്വാൻസ് രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ല.

4) "സഞ്ചയ"സോഫ്റ്റ്‌വെയറിൽ നിന്നും വസ്തുനികുതി ഡിമാന്റ് രജിസ്റ്റർ ലഭ്യമാക്കിയിട്ടില്ല. ഡിമാന്റ് രജിസ്റ്റർ കയ്യെഴുത്ത് രൂപത്തിലും എഴുതി സൂക്ഷിച്ചിട്ടില്ല. വസ്തുനികുതി ഹാന്റ് ബുക്ക് പ്രകാരം കണക്കുകൂട്ടിയെടുത്ത ഡിമാന്റ് തുകകളാണ് വാർഷിക കണക്കിൽ ചേർത്തിരിക്കുന്നത് എന്ന് കാണുന്നു. എന്നാൽ ഓരോ വാർഡിന്റെയും ഡി.സി.ബി. സംക്ഷിപ്ത തുകകൾ ഹാന്റ് ബുക്കിൽ എപ്രകാരമാണ് എത്തിച്ചേർന്നതെന്ന് വ്യക്തമല്ല.

ഇതിന് പുറമെ ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം "280200101 -Prior period income -Property tax on residential building"എന്ന ചെലവ് ശീർഷകത്തിൽ 4,90,483/- രൂപ എഴുതി തള്ളിയതായി കാണുന്നു. "സഞ്ചയ" സോഫ്റ്റ്‌വെയറിലോ കയ്യെഴുത്ത് രൂപത്തിലോ ഡി.സി.ബി. രജിസ്റ്റർ കൃത്യമായി സൂക്ഷിക്കാത്ത സാഹചര്യത്തിൽ, വാർഷിക കണക്കിൽ ഇത്രയും തുക എഴുതി തള്ളിയതിന്റെ കാരണം അറിയിക്കുന്നതിനും എഴുതി തള്ളിയതിന്റെ ജേണൽ വൗച്ചർ, കമ്മിറ്റി തീരുമാനം, എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിനും ആവശ്യപ്പെട്ടെങ്കിലും ഇവ ഹാജരാക്കുകയുണ്ടായില്ല. തുക എഴുതിതള്ളിയതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ്, വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ ചട്ടങ്ങൾ 1998)

5) ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് പ്രകാരം"280800301-Prior period -operations and maintence expenses" എന്ന ചെലവ് ശീർഷകത്തിൽ തൻവർഷം 3,60,838/- രൂപ എഴുതി തള്ളിയിരിക്കുന്നു. ആയതിന്റെ ജേണൽ വൗച്ചർ, കമ്മിറ്റി തീരുമാനം, എന്നിവ ഓഡിറ്റിന് ഹാജരാക്കുന്നതിന് താല്പര്യപ്പെടുന്നു. തുക എഴുതി തള്ളിയതിന് സർക്കാരിൽ നിന്നും അനുമതി ലഭിച്ചതിന്റെ വിവരങ്ങളും ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ്, വസൂലാക്കാൻ സാധിക്കാത്ത തുകകൾ എഴുതി തള്ളൽ ചട്ടങ്ങൾ 1998)

6) ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11(a) പ്രകാരം "Capital work in progress " എന്ന ശീർഷകത്തിൽ 6,76,421 രൂപ ചേർത്തിരിക്കുന്നു. എന്നാൽ അസിസ്റ്റന്റ് എഞ്ചിനീയറുടെ പ്രോജക്ട് രജിസ്റ്ററിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ അനുസരിച്ച്, 31/3/2017-ൽ ഫൈനൽ ബിൽ നൽകാൻ അവശേഷിക്കുന്നതും എന്നാൽ പാർട്ട് ബിൽ നൽകിയതുമായ പ്രവർത്തികൾ ഈ തുകയെ അധികരിക്കുന്നുണ്ട്.

7) ബാലൻസ്ഷീറ്റ് B-4 ഷെഡ്യൂൾ പ്രകാരം, പ്രത്യേകോദ്ദേശ്യങ്ങൾക്ക് വേണ്ടി ലഭിച്ചിരിക്കുന്നതും, 31/3/2017-ൽ ചെലവഴിക്കാൻ അവശേഷിക്കുന്നതുമായ, താഴെ ചേർത്തിരിക്കുന്ന ഗ്രാന്റ് തുകകൾക്ക് വേണ്ടി പ്രത്യേക ബാങ്ക് അക്കൗണ്ടോ ഈ ബാധ്യത നിറവേറ്റുന്നതിന് ആ അക്കൗണ്ടിൽ ആവശ്യമായ തത്തുല്യമായ നീക്കിയിരിപ്പ് തുകയോ ബാലൻസ്ഷീറ്റ് B-17 ഷെഡ്യൂൾ പ്രകാരം കാണുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് B-4ഷെഡ്യൂൾ പ്രകാരം ചെലവഴിക്കാൻ അവശേഷിക്കുന്ന ബാധ്യത തുക | ബാലൻസ്ഷീറ്റ് B-17ഷെഡ്യൂൾ പ്രകാരം ഈ ഉദ്ദേശ്യത്തിനു വേണ്ടിയുള്ള നീക്കിയിരിപ്പ് തുക |
|---|---|---|---|

| | | | |
|---|---|---|---|
| 1 | 320200306-Grants, Funds& Contribution for specific purposes-other than Development fund and state sponser | 75,245/- | പ്രത്യേക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് കാണുന്നില്ല |
| 2 | 320200222-Grants from suchitwa mission | 492000 | പ്രത്യേക ബാങ്ക് അക്കൗണ്ട് നീക്കിയിരിപ്പ് കാണുന്നില്ല |
| 3 | 320700204-Contribution for joint venture project (for Revenue expenditure) – from block panchayath | 228043 | 438670 |

8) സ്റ്റോക്ക് രജിസ്റ്റർ കാലികമാക്കി എഴുതി സൂക്ഷിക്കുകയോ വർഷാന്ത്യ സ്റ്റോക്ക് മൂല്യം കണക്കാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തുകയോ ചെയ്യുന്നില്ല.

9) ഡി&ഒ യുടെ ഡി.സി.ബി രജിസ്റ്റർ തയ്യാറാക്കി വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

10) ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

11) ടാർ വാങ്ങുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും ലഭിച്ച 16,15,849/- രൂപ സെക്രട്ടറിയുടെ സംയുക്ത പ്രോജക്ടുകൾ നടപ്പാക്കുന്നതിന് വേണ്ടി ആരംഭിച്ച സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും അതിൽ ടാർ വാങ്ങുന്നതിനായി (4,17,257+11,96,488) രൂപ ചെലവാകുകയും ബാക്കി 2104/- രൂപ അക്കൗണ്ടിൽ അവശേഷിക്കുകയും ചെയ്തു.

എ) തുക (16,15,849/- രൂപ) ലഭ്യമായ സമയത്ത് കണക്കിൽ ബാധ്യത ശീർഷകത്തിലും സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലും,

ബി) പിന്നീട് ടാർ വാങ്ങിയ സമയത്ത് ആ തുക (4,17,257+11,96,488) ബാധ്യത ശീർഷകത്തിലും സ്പെഷൽ ടി.എസ്.ബി അക്കൗണ്ടിലും യഥാസമയം കുറവ് ചെയ്യുകയും,

സി) ബാക്കി ട്രഷറി സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിൽ ഈയിനത്തിൽ അവശേഷിക്കുന്ന തുകയായ 2104/- രൂപ സഞ്ചിത നിധിയലേയ്ക്ക്, പിൻവലിച്ച അതെ ശീർഷകത്തിലേയ്ക്ക്, അടവാക്കുകയും രേഖപ്പെടുത്തലുകൾ വരുത്തുകയും ചെയ്യേണ്ടിയിരുന്നു.

എന്നാൽ മേൽ പ്രകാരമുള്ള (എ, ബി, സി) രേഖപ്പെടുത്തലുകൾ വരുത്താതെ അക്കൗണ്ടിൽ ചെലവ് ചെയ്യാതെ അവശേഷിക്കുന്ന വ്യത്യാസമുള്ള തുകയായ 2104/- രൂപ " other fees “ എന്ന ശീർഷകത്തിൽ തനത് വരുമാനമായി കാണിച്ച് കൊണ്ട് സ്പെഷ്യൽ ടി.എസ്.ബി ബാങ്ക് ബുക്ക്, ട്രഷറി പാസ് ബുക്ക് നീക്കിയിരിപ്പുമായി ക്രമീകരിച്ചു. ഇത് ക്രമപകരമുള്ള നടപടി അല്ല. രൂപ 2104/- സഞ്ചിത നിധിയിലേയ്ക്ക്, പിൻവലിച്ച അതെ ശീർഷകത്തിലേയ്ക്ക്, അടവാക്കേണ്ടതാണ്.

12) പഞ്ചായത്ത് സ്വീകരിക്കുന്ന ചെക്കുകൾ പണമാക്കാതെ മടങ്ങുന്ന സാഹചര്യത്തിൽ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം 22-ന് വിധേയമായി സ്വീകരിക്കേണ്ട നടപടികൾ കാട്ടുകുറ്റി പഞ്ചായത്തിൽ സ്വീകരിച്ചതായി കാണുന്നില്ല.

എ) പണമാക്കാതെ മടങ്ങിയ ചെക്കുകൾക്ക് പകരം ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് കാഷ്/ ഡിമാന്റ് ഡ്രാഫ്റ്റ് എന്നിവ മുഖേന മാത്രം പണം സ്വീകരിച്ച് പുതിയ തീയതിയിൽ രസീത് നൽകുന്നതിന് പകരം മടങ്ങിയ ചെക്കുകൾ വീണ്ടും ബാങ്കിൽ സമർപ്പിച്ച് പണമാക്കി മാറ്റി. ഇപ്രകാരം ചെയ്യാത്തതിനാൽ 2016-17-ൽ മടങ്ങിയ ചെക്ക് 2017-18-ൽ ബാങ്കിൽ സമർപ്പിക്കുകയും എന്നാൽ കുടിശ്ശിക തുകയ്ക്ക് പിഴ പലിശ ഈടാക്കുന്നതിനും സാധിക്കാതെയായി.

ബി) ചെക്കുകൾ പണമാക്കാതെ മടങ്ങിയപ്പോൾ ബാങ്ക് പഞ്ചായത്ത് അക്കൗണ്ടിൽ നിന്നും ഈടാക്കിയ ബാങ്ക് ചാർജ്ജ് കക്ഷികളിൽ നിന്നും ഈടാക്കിയിട്ടില്ല.

ഇപ്രകാരം മടങ്ങിയ ചെക്കുകൾ വീണ്ടും ബാങ്കിൽ സമർപ്പിച്ച് പണമാക്കിയവയുടെ വിവരം ചുവടെ ചേർക്കുന്നു.

ബാങ്ക് അക്കൗണ്ട് നമ്പർ - സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ -67291241810

| ക്രമ നം. | ചെക്ക് നല്കിയത് | ഉദ്ദേശ്യം | ചെക്ക് നമ്പർ | തീയതി | തുക | പണമാക്കാതെ മടങ്ങിയ തീയതി | ബാങ്ക് ചാർജ്ജ് | പിന്നീട് പണമാക്കിയ തീയതി | കുറിപ്പ് |
|---|---|---|---|---|---|---|---|---|---|
| 1 | ഹയ സൂപ്പർ മാർക്കറ്റ് | വസ്തു നികുതി | 301745 | 18-3-2017 | 78676 | 29.3.2017 | 115 | 03.05.2017 | വസ്തു നികുതിയുടെ പിഴപ്പലിശ ഉൾപ്പെടെ ഈടാക്കേണ്ടതാണ് |
| 2. | കെ.സി.പി.എൽ. കാതിക്കുടം | വസ്തു നികുതി | 365313 | - | 500000 | 20.3.2017 | 115 | 23.03.2017 | ബാങ്ക് ചാർജ്ജ് ഈടാക്കേണ്ടതാണ് |
| 3. | കെ.സി.പി.എൽ. കാതിക്കുടം | വസ്തു നികുതി | 365314 | - | 265798 | 20.03.2017 | 115 | 23.03.2017 | ബാങ്ക് ചാർജ്ജ് ഈടാക്കേണ്ടതാണ് |

13) 2016-17 സാമ്പത്തിക വർഷത്തിൽ കെ.എസ്.ഇ.ബിയ്ക്ക് 8,24,850/- രൂപ "സ്ട്രീറ്റ് മെയിൻ എക്സ്റ്റെൻഷൻ/ട്യൂബ് ലൈറ്റ് സ്ഥാപിക്കൽ " എന്ന പദ്ധതിയ്ക്കായി (പ്രോജക്റ്റ് എസ്.ഒ.0074/17, നിർവ്വഹണം- സെക്രട്ടറി ) നൽകിയിട്ടുള്ളതും എന്നാൽ 31.03.2017-ലും പദ്ധതി പൂർത്തീകരിച്ചിട്ടില്ലാത്തതും വിനിയോഗ സാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ കെ.എസ്.ഇ.ബി. ഹാജരാക്കിയിട്ടില്ലാത്തതുമാണ്. എന്നാൽ ഡെപ്പോസിറ്റ് തുക നൽകിയപ്പോൾ "Advance to impelmenting agencies" എന്ന Deposit-ആസ്തി ശീർഷകത്തിൽ രേഖപ്പെടുത്താതെ ബന്ധപ്പെട്ട ചെലവ്/ആസ്തി ശീർഷകത്തിൽ നേരിട്ട് രേഖപ്പെടുത്തിയതിനാൽ 31/3/2017-ൽ പ്രവർത്തി പൂർത്തീകരിച്ചിട്ടില്ലെങ്കിലും Deposit ശീർഷകത്തിൽ ബാലൻസ് ഷീറ്റിൽ ഈ തുക ഉൾപ്പെട്ടില്ല.

( ഓഡിറ്റ് എൻക്വയറി-8 തീ 1-11-2017)

2016-17-ലെ ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത വാർഷിക കണക്കിലെ ഇൻകം & എക്സ്പെന്റിച്ചർ പത്രിക, റസീറ്റ് & പേയ് മെന്റ് പത്രിക, ബാലൻസ് ഷീറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 12597217

വരവ് - 46943448

ആകെ - 59540665

ചെലവ് - 44362346

നീക്കിയിരിപ്പ് - 15178319

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മന്റ് | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 9063753 | 7844021 | 1219732 | 86.5 |
| വികസനഫണ്ട് എസ്.സി.പി. | 5175555 | 4178459 | 997096 | 80.73 |
| വികസനഫണ്ട് ടി.സ്.പി. | 0 | 0 | 0 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 2634348 | 2264770 | 369578 | 85.97 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 6320725 | 2255078 | 4065647 | 35.67 |
| 13ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 5127359 | 3410331 | 1717028 | 66.51 |
| ലോകബാങ്ക് ധനസഹായം | 2636656 | 1210118 | 1426538 | 45.9 |
| ജനറൽ പർപ്പസ് ഗ്രാന്റ് | 7879044 | 6417261 | 8678786 | |
| എൻ.ആർ.ഇ.ജി.എസ്. | 14530702 | 14422925 | 107777 | |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്കുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്കുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 165 | 432024267 | 83 | 24398623 | 77 | 5 | 56.71 |

## 1-7 തനത് വരുമാനം

| ഇനം | മുൻ വർഷം | തൻ വർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 5837828 | 6443738 | 605910 | +10.38 |
| നികുതിയേതര വരവുകൾ | 891119 | 859143 | 31976 | -3.59 |
| മറ്റു വരവുകൾ | 13382537 | 15414629 | 2032092 | +15.18 |
| ആകെ | 20111484 | 22717510 | 2669978 | +12.96 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്തു നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4704870 | 505 |
| വിധവ പെൻഷൻ | 10278710 | 846 |
| വാർദ്ധക്യകാല പെൻഷൻ | 21228500 | 2026 |
| വികലാംഗ പെൻഷൻ | 2634470 | 261 |
| 50 കഴിഞ്ഞ അവിവാഹിത സ്ത്രീകൾക്കുള്ള പെൻഷൻ | 516800 | 52 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 210000 | 7 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-10-2017 തിയതിയിൽ 3.15 p.m-ന് സ്ഥാപനതലവന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. 10284/- രൂപ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. ക്യാഷ് ബുക്ക്, ഡേ ബുക്ക് എന്നിവയുമായി നീക്കിയിരിപ്പ് തുക പൊരുത്തപ്പെടുന്നുണ്ട്.

## 1-10 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11-10-2017 | 08/17-09/17 | ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 05-07-2010 മുതൽ 17-07-2010 വരെ | 2005-06 മുതൽ 2009-10 വരെ | 16.08.2010 |

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 രജിസ്ട്രേഷൻ പുതുക്കാതെ പാരാമെഡിക്കൽ സ്ഥാപനം പ്രവർത്തിക്കുന്നു

സെന്റ് ജെയിംസ് ഡെന്റൽ ക്ളിനിക്ക് എന്ന സ്ഥാപനം 2017-18 സാമ്പത്തിക വർഷത്തിൽ രജിസ്ട്രേഷൻ പുതുക്കിയിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 4-ന് രജിസ്ട്രേഷൻ പുതുക്കുന്നതിന് നോട്ടീസ് നൽകുന്നതാണെന്ന് പഞ്ചായത്ത് മറുപടി നൽകിയിരിക്കുന്നു.

1997-ലെ കേരള പഞ്ചായത്ത് രാജ് സ്വകാര്യ ആശുപത്രികളുടേയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടേയും രജിസ്ട്രേഷൻ ചട്ടം 5 പ്രകാരം ഒരു ഗ്രാമ പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്വകാര്യ ആശുപത്രിയോ സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനമോ സാമ്പത്തിക വർഷം ആരംഭിക്കുന്നതിനു മുൻപായി രജിസ്ട്രേഷൻ പുതുക്കേണ്ടതാണ്. രജിസ്ട്രേഷൻ പുതുക്കി വിശദാംശങ്ങൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 2-2 D&O ലൈസൻസില്ലാതെ നിറ്റ ജലാറ്റിൻ കമ്പനി പ്രവർത്തിക്കുന്നു

1977 മുതൽ പഞ്ചായത്തിൽ പ്രവർത്തിച്ച് വരുന്ന നിറ്റ ജലാറ്റിൻ എന്ന കമ്പനിക്ക് 2009-2010 വരെ പഞ്ചായത്ത് പ്രവർത്തനാനുമതി നൽകിയിട്ടുള്ളതാണ്. തുടർന്നുള്ള വർഷങ്ങളിൽ കമ്പനിയുടെ മലിനീകരണം സംബന്ധിച്ച് പരാതികളും അതിനെ തുടർന്ന് കോടതി വ്യവഹാരങ്ങളും കാരണം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല. 2010 മുതൽ ലൈസൻസിനുള്ള അപേക്ഷ കമ്പനി സമർപ്പിക്കാറുണ്ടെങ്കിലും കോടതി വ്യവഹാരങ്ങൾ നിലനിൽക്കുന്നതിനാലും, മാലിന്യ പ്രശ്നം മൂലവും ലൈസൻസ് പുതുക്കുന്നതിനെതിരെ പഞ്ചായത്തു കമ്മിറ്റി തീരുമാനമെടുക്കുകയും സെക്രട്ടറി അപേക്ഷ നിരസിക്കുകയുമാണ് ചെയ്യാറുള്ളത്. എന്നാൽ പഞ്ചായത്തിന്റെ തീരുമാനത്തിന് എതിരെ കമ്പനി ബഹു. ഹൈക്കോടതിയെ സമീപിക്കുകയും ബഹു. ഹൈക്കോടതി കേസ് നിലനിൽക്കുന്നതുമാണ്. പഞ്ചായത്ത് തീരുമാനം റദ്ദ് ചെയ്തുകൊണ്ടുള്ള ഹൈക്കോടതി ഉത്തരവ് പഞ്ചായത്ത് ഓഡിറ്റിനു ഹാജരാക്കുകയുണ്ടായില്ല. പഞ്ചായത്ത് തീരുമാനം ബഹു. ഹൈക്കോടതി റദ്ദ് ചെയ്തിട്ടില്ലെങ്കിൽ പഞ്ചായത്ത് തീരുമാനം നിലനിൽക്കുന്നതാണ്.

നിയന്ത്രണമില്ലാതെ പുഴയും മണ്ണും മലിനീകരിക്കുകയും പ്രദേശത്തെ ജനങ്ങളുടെ ജീവിതം ദുരിതത്തിലാക്കുകയും ചെയ്തുകൊണ്ട് ഒരു സ്വകാര്യ കമ്പനി ലാഭം കൊയ്യുകയും പഞ്ചായത്തിന് നിയമപരമായി D&O ഫീസ് അടക്കാതെ കമ്പനി സുഗമമായി പ്രവർത്തിക്കുന്നത് നിസ്സഹായതയോടെ നോക്കി നിൽക്കാതെ ആവശ്യം വേണ്ടുന്ന എല്ലാ നടപടികളും കർശനമായി സ്വീകരിക്കണമെന്ന് ഓഡിറ്റ് അഭിപ്രായപ്പെടുന്നു.

## 2-3 ഇ-ടെണ്ടർ - ടെണ്ടർ ഫീസിനത്തിൽ ലഭിയ്ക്കേണ്ട തുക പഞ്ചായത്ത് അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടില്ല

2016-17 സാമ്പത്തിക വർഷം മരാമത്ത് പ്രവൃത്തികളുടെ ടെണ്ടറിംഗ് ഇ-സബ്മിഷൻ ടെണ്ടർ സംവിധാനത്തിലൂടെയാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്. ടെണ്ടർ ഫീസിനത്തിലെ തുകയായ 7800/- രൂപ എൽ.എസ്.ജി.ഡി. ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനിയറുടെ സീറോ ബാലൻസ് അക്കൗണ്ടിലേയ്ക്ക് ഇ-പേയ്മെന്റ് സംവിധാനം വഴി കരാറുകാർ അടച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വിവരം രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി ഓഫീസർ -ചെലവുകൾ ഉണ്ടായേക്കുമെന്ന പ്രതീക്ഷയിൽ തുക പിൻവലിച്ചു - ചെലവാകാത്ത 46,606/- രൂപ നാളിതുവരെ തിരിച്ചടച്ചില്ല

ബിൽ നമ്പർ 5/16-17 തീയതി. 29/3/2017 തുക - 93,000/-

ഉത്പാദന ബോണസ് അനുവദിക്കുന്നതിന് വേണ്ടി മേൽ പ്രകാരം പിൻവലിച്ച തുക കൃഷി ഓഫീസർ ട്രഷറി സ്പെഷ്യൽ ടി.എസ്.ബി.യിൽ നിക്ഷേപിക്കുകയും തുടർന്ന് 31/3/2017-ൽ സ്പെഷൽ ടി.എസ്.ബി.യിൽ നിന്ന് 1885543 തീ.31/3/2017 നമ്പർ ചെക്ക് പ്രകാരം പിൻവലിച്ച് കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയ്ക്ക് നൽകിയതായും കാണുന്നു. (3/5/2017 തീയതിയിലുള്ള കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയുടെ രസീത് ഹാജരാക്കിയിട്ടുണ്ട്. സേവിങ്ങ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കാണോ അതോ ഗുണഭോക്താക്കൾക്ക് തുക കൈമാറ്റം ചെയ്യുന്നതിന് ബാങ്കിലേയ്ക്ക് നൽകിയതാണോയെന്ന് വ്യക്തമല്ല.)

തുടർന്ന് 10 പാടശേഖര സമിതികൾക്കായി 46,394/- രൂപ ഉത്പാദന ബോണസ് വിതരണം ചെയ്യുന്നതിനുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് ഫയലിൽ കാണുന്നുണ്ട്. എന്നാൽ ഏത് തീയതിയിലാണ് ഇവ പാടശേഖര സമിതികൾക്ക് ട്രാൻസ്ഫർ ചെയ്തതെന്ന് വ്യക്തമല്ല. (ഇതിൽ 3 പാടശേഖര സമിതികൾക്ക് 2017-18 സാമ്പത്തിക വർഷത്തെ വിരിപ്പ് സീസണിലേയ്ക്ക് ഉൾപ്പെടെ ഉത്പാദന ബോണസ് നൽകുകയുണ്ടായി). ഇത് സംബന്ധിച്ച് താഴെ ചേർത്തിരിക്കുന്ന ഓഡിറ്റ് പരാമർശങ്ങൾ ചുവടെ ചേർക്കുന്നു.

എ) 46,394/- രൂപയേ വിതരണം ചെയ്യേണ്ടി വരൂ എന്നിരിക്കേ 93,000/- രൂപ സഞ്ചയ നിധിയിൽ നിന്നും പിൻവലിച്ചു. ചെലവുകൾ ഉണ്ടായേക്കുമെന്ന പ്രതീക്ഷയിൽ മുൻകൂർ തുക പിൻവലിക്കാൻ പാടില്ലാത്തതാകുന്നു. (സ.ഉ.177/2006 ഫിൻ തീ.12.04.2006 ഖണ്ഡിക 5.6, 6.1).

ബി) 93,000/- രൂപ സ്പെഷൽ ടി.എസ്.ബി.യിൽ നിന്ന് 31/3/2017-ൽ പിൻവലിച്ച് കാട്ടുകുറ്റി സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറിയ്ക്ക് നൽകിയതായി കാണുന്നു. ബാങ്ക് അക്കൗണ്ടിലേയ്ക്കാണ് നിക്ഷേപിച്ചതെങ്കിൽ ബാങ്ക് പാസ്സ് ബുക്ക് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഏതെല്ലാം തീയതികളിലായാണ് തുക വിതരണം നടത്തിയതെന്ന് വ്യക്തമല്ല.

സി) സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും സ്പെഷൽ ടി.എസ്.ബി.യിൽ നിന്നും പിൻവലിച്ച തുക സഹകരണ അക്കൗണ്ടിൽ നിക്ഷേപിച്ചു.

ഡി) 2016-17-ലേയ്ക്ക് ലഭിച്ച തുകയിൽ നിന്ന് 2017-18-ലെ വിരിപ്പ് സീസണിലേയ്ക്ക് ഉത്പാദന ബോണസ് നൽകി. ആയതിന്റെ അപേക്ഷകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഇ) 93,000/- രൂപയിൽ ചെലവഴിച്ച 46,394/- രൂപ കഴിച്ച് ബാക്കിയുള്ള തുകയായ 46,606/- രൂപ നാളിതു വരെ സർക്കാരിലേയ്ക്ക് തിരിച്ചടച്ചിട്ടില്ല. (സ.ഉ.177/2006 ഫിൻ തീ.12.04.2006 ഖണ്ഡിക 10.1, 10.3) തുക ഉടൻ സഞ്ചിത നിധിയിലേയ്ക്ക് തിരിച്ച് അടക്കേണ്ടതാണ്.

പരാമർശങ്ങൾക്ക് മറുപടി ലഭ്യമാക്കേണ്ടതും തിരുത്തൽ നടപടികൾ കൈക്കൊള്ളേണ്ടതുമാണ്. (ഓഡിറ്റ് എൻക്വയറി 9 തീ.1-11-2017 )

## 3-2 വി.ഇ.ഒ കാട്ടുകുറ്റി - വികസന ഫണ്ടിൽ നിന്നും മുൻകൂർ ചെയ്ത ചെലവ് തുക - തിരികെ ലഭ്യമായത് സംബന്ധിച്ച്

പ്രോജക്റ്റ് എസ്.ഒ. 029/17 - സ്വച്ച് ഭാരത് മിഷൻ (ഗ്രാമീണം) - വ്യക്തിഗത ശൗചാലയ നിർമാണം

ചെലവ് തുക - 6,31,400/- രൂപ

മേൽ പ്രോജക്റ്റ് പ്രകാരം ODF പദ്ധതിയുടെ ഭാഗമായി 41 ശൗചാലയ നിർമ്മാണത്തിന് 15,400/- രൂപ നിരക്കിൽ 6,31,400 രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്. ODF പദ്ധതിയുടെ ഭാഗമായതിനാൽ ഇതിൽ ഒരു ശൗചാലയത്തിന് 3,400/- രൂപ പഞ്ചായത്ത് പ്ലാൻ വിഹിതവും 12,000/- രൂപ ശുചിത്വമിഷൻ വിഹിതവും ആയിരുന്നു. എന്നാൽ 41 ശൗചാലയങ്ങൾക്കുള്ള ശുചിത്വ മിഷൻ വിഹിതമായ 4,92,000/- രൂപ ലഭ്യമാക്കുന്നതിന് മുമ്പ് മുഴുവൻ ചെലവ് തുകയും പദ്ധതി വിഹിതത്തിൽ നിന്നും പഞ്ചായത്ത് ചെലവഴിക്കുകയുണ്ടായി. സമ്പൂർണ ശുചിത്വ മിഷനിൽ നിന്നും ശുചിത്വമിഷൻ വിഹിതമായ 4,92,000/- രൂപ (41 X 12,000/- രൂപ) പഞ്ചായത്തിന് തിരികെ ലഭിയ്ക്കുകയും അത് തനത് ഫണ്ടിൽ നിക്ഷേപിക്കുകയും ചെയ്തിട്ടുള്ളതാണ്. ഈ തുക പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും, സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്നും മുൻകൂർ ആയി എടുത്ത് പഞ്ചായത്ത് ചെലവ് ചെയ്ത തുകയായതിനാൽ ഈ തുക സഞ്ചിത നിധിയിലേയ്ക്ക് അടവാക്കേണ്ടതാണ്.

( ഓഡിറ്റ്എൻക്വയറി -10 തീ.1-11-2017 )

## 3-3 ഐ.സി.ഡി.എസ് സൂപ്പർവൈസർ - “വയോജന കൂട്ടായ്മ/കൗൺസിലിങ്ങ്"- വികസന ഫണ്ട് -കലാകായിക മത്സരങ്ങൾ സംഘടിപ്പിക്കുന്നതിന് മാർഗ്ഗരേഖയിൽ അനുവാദമില്ല

പ്രോജക്റ്റ് - എസ്.ഒ 042/17,"വയോജന കൂട്ടായ്മ/കൗൺസിലിങ്ങ്"

നിർവ്വഹണം- ഐ.സി.ഡി.എസ് സൂപ്പർവൈസർ

ചെലവ് - 1,61,470 രൂപ.

മേൽ പ്രോജക്റ്റ് പ്രകാരം വയോജനങ്ങൾക്ക് കൗൺസിലിങ്ങ്, കലാ കായിക മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ച വകയിൽ 1,61,470/- രൂപ വികസന ഫണ്ടിൽ നിന്നും ചെലവഴിച്ചിട്ടുണ്ട്.

3 ദിവസങ്ങളിലായി നടത്തിയ പരിപാടികളിൽ യഥാക്രമം 346, 116, 354 പേർ പങ്കെടുക്കുകയുണ്ടായി. ഇവരുടെ ഭക്ഷണം, പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള ലൈറ്റ് ആന്റ് സൗണ്ട്, സമ്മാനം, ഫോട്ടോ തുടങ്ങിയ ഇനങ്ങൾക്കാണ് മേൽ തുക വികസന ഫണ്ടിൽ നിന്നും ചെലവാക്കിയത്. വികസന ഫണ്ടിൽ നിന്നും മേൽ ഇനങ്ങൾക്ക് തുക ചെലവഴിക്കാൻ പദ്ധതി മാർഗരേഖ പ്രകാരം അനുവാദമില്ലാത്തതാകുന്നു. ഇപ്രകാരം ചെലവ് അനുവദിച്ച് കൊണ്ട് സർക്കാർ ഉത്തരവുകൾ ഉണ്ടെങ്കിൽ ഓഡിറ്റിന് ഹാജരാക്കാൻ ആവശ്യപ്പെട്ടിരുന്നെങ്കിലും ലഭ്യമാക്കിയിട്ടില്ലാത്തതാകുന്നു. പദ്ധതി/സബ്സിഡി മാർഗ്ഗരേഖയിലോ തുടർ സർക്കാർ ഉത്തരവുകളിലോ അനുവദിച്ചിട്ടുള്ള ഇനങ്ങളിൽ വികസന ഫണ്ട് ഉപയോഗിക്കണമെന്ന് ഓഡിറ്റ് നിരീക്ഷിക്കുന്നു. മാർഗ്ഗരേഖക്ക് വിരുദ്ധമായ ചെലവ് തുക 1,61,470/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-4 "ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ" - മരുന്ന് ലഭ്യമാക്കിയിട്ടില്ല - 1,00,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് -എസ്.ഒ. 048/17

"ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ"

നിർവ്വഹണം - സെക്രട്ടറി

ചെലവ് തുക - 1,00,000/- രൂപ

മേൽ പ്രോജക്റ്റ് പ്രകാരം ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു ലഭ്യമാക്കുന്നതിന്, The Kerala homeopathic co-operative pharmacy ltd. എന്ന സ്ഥാപനത്തിന് 1,00,000/- രൂപ നൽകുകയും നമ്പർ 3041 തീ.6/6/2017 ആയി ഇതിന് രസീത് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

എന്നാൽ,

എ) മരുന്ന് ലഭ്യമാക്കുന്നതിന് മുൻകൂർ തുക നല്കിയപ്പോൾ സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടില്ല.

ബി) സ്ഥാപനം നാളിതു വരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുകയായ 1,00,000/- രൂപ തടസ്സപ്പെടുത്തുന്നു.

(ഓഡിറ്റ് എൻക്വയറി-12 തീ.1-11-2017)

## 3-5 രസീത്, വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല - 75,000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് - എസ്.ഒ.051/2017, "എ.ബി.സി പ്രോഗ്രാം, വിഹിതം നൽകൽ"

ചെലവ് തുക -75,000/- രൂപ

നിർവ്വഹണം - സെക്രട്ടറി

ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ DPT/b3-1663/2016 തീ.15/2/2017-ലെ നിർദ്ദേശാനുസരണം, മേൽ പ്രോജക്റ്റ്

നടപ്പാക്കുന്നതിന്, പഞ്ചായത്തിന്റെ വിഹിതമായ 75,000/- രൂപ, ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ സ്പെഷൽ ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

എന്നാൽ ജില്ലാ പഞ്ചായത്തിന്റെ രസീത്, തുക വിനിയോഗിച്ചതിന്റെ സാക്ഷ്യപത്രം എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.

മേൽ കാരണങ്ങളാൽ ചെലവ് തുകയായ 75,000 രൂപ തടസ്സപ്പെടുത്തുന്നു.

( ഓഡിറ്റ് എൻക്വയറി-12 തീ.1-11-2017)

## 3-6 ആശ്രയ പദ്ധതി-കുടുംബശ്രീ അക്കൗണ്ടിൽ 25.73 ലക്ഷം നീക്കിയിരിപ്പ് തുക

ആശ്രയ പദ്ധതി നടപ്പാക്കുന്നതിന് പദ്ധതി വിഹിതത്തിൽ നിന്ന് കുടുംബശ്രീ അക്കൗണ്ടിലേയ്ക്ക് (കാട്ടുകുറ്റി സഹകരണ സംഘം, അക്കൗണ്ട് നമ്പർ 6449, സി.എസ്.ബി, അക്കൗണ്ട് നമ്പർ 0028037964941950l) തൻവർഷം മാറ്റിയ തുകയുടെയും നീക്കിയിരിപ്പ് തുകയുടെയും (പദ്ധതി വിഹിതം) വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥൻ | ഇനം | തൻവർഷം നൽകിയ തുക | നീക്കിയിരിപ്പ് തുക |
|---|---|---|---|---|
| 1. | സെക്രട്ടറി | ജനറൽ | 5,82,000 | 6,89,400 |
| 2. | അസിസ്റ്റന്റ് സെക്രട്ടറി | എസ്.സി.പി | 5,67,200 | 12,37,087 |
| | | പലിശ | | 6,45,564.55 |
| | | ആകെ | | 25,73,051.55 |

നീക്കിയിരിപ്പ് തുക കൂടി വരുന്ന സാഹചര്യത്തിൽ ഓരോ വർഷത്തേയ്ക്കും ആവശ്യാനുസൃതമായ ഫണ്ട് മാത്രം പദ്ധതി വിഹിതത്തിൽ നിന്നും പിൻവലിച്ച് കുടുംബശ്രീ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുന്നതിന്റെ സാധ്യത പരിശോധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി-13 തീ.1-11-2017 )

## 3-7 അന്നനാട് ഐ.സി.ഡി.പി. സബ്സെൻററിന് വാട്ടർ കണക്ഷൻ - ഡെപ്പോസിറ്റ് തുകയുടെ വിനിയോഗ വിവരം ലഭ്യമാക്കിയില്ല

പ്രോജക്ട് നമ്പർ - s0153/17

ചെലവു വിവരം - ബിൽ നമ്പർ - 4/16 - 17, 23.2.17, 23000/- രൂ.

നിർവ്വഹണം - വെറ്ററിനറി സർജ്ജൻ

അന്നനാട് ഐ.സി.ഡി.പി. സബ് സെൻററിന് വാട്ടർ കണക്ഷൻ ലഭ്യമാക്കുന്നതിനായി 23000/- രൂപ വാട്ടർ അതോറിറ്റിയുടെ ഇരിങ്ങാലക്കുട, പി.എച്ച്. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് നല്കിയിട്ടുണ്ട്. പ്രവൃത്തിയുടെ പൂർത്തീകരണ വിവരം, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കാത്തതിനാൽ ചെലവു തുക തടസ്സപ്പെടുത്തുന്നു.

ഈ വിഷയത്തിൽ നല്കിയ ഓഡിറ്റ് എൻക്വയറിയ്ക്ക് മറുപടിയായി വാട്ടർ അതോറിറ്റിയിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതനുസരിച്ച് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലന പദ്ധതി - കൈപ്പറ്റ് രസീത്, വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല

പ്രോജക്ട് നമ്പർ - s0017/17

ചെലവു വിവരം - ബിൽ നമ്പർ - 3/16-17, 27.1.17, 400000/- രൂപ

കന്നുകുട്ടി പരിപാലന പദ്ധതിയിലുൾപ്പെടുത്തി 64 കന്നുകുട്ടികൾക്ക് കാലിത്തീറ്റ വിതരണത്തിനായുള്ള സബ്സിഡിയായി 400000/- രൂപ ഡെപ്യൂട്ടി ഡയറക്ടർ എസ്.എൽ.ബി.പി., തൃശ്ശൂരിന് നല്കിയിട്ടുണ്ട്. തുകയുടെ കൈപ്പറ്റ് വിവരം ലഭ്യമാക്കിയിട്ടില്ല. പദ്ധതി പൂർത്തീകരിയ്ക്കുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രവും ഹാജരാക്കേണ്ടതാണ്. ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-9 പി.എച്ച്.സിയ്ക്ക് മരുന്ന് ലഭിച്ചില്ല

പാലിയേറ്റീവ് കെയർ പദ്ധതിയ്ക്കായി 88000/- (ബിൽ നമ്പർ -11/16-17, 16.3.17) രൂപയ്ക്കുള്ള മരുന്നുകൾ ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ തുക അടച്ചുവെങ്കിലും മരുന്നുകൾ ലഭിച്ചിട്ടില്ല. മരുന്നുകൾ ലഭ്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-10 ബിറ്റുമിൻ കൈപ്പറ്റിയ കരാറുകാർ പ്രവൃത്തി പൂർത്തീകരിച്ചില്ല

16-17 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ടാറിംഗ് പ്രവൃത്തികൾക്കായി ബിറ്റുമിൻ വാങ്ങി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് കരാറുകാർക്ക് നല്കിയിട്ടുണ്ട്. എന്നാൽ ഈ പ്രവൃത്തികളിൽ 5 എണ്ണം ഓഡിറ്റ് കാലയളവിലും പൂർത്തീകരിച്ചിട്ടില്ല.

പൂർത്തീകരിക്കാത്ത പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തിയുടെ പേര് | കൈപ്പറ്റിയ ബിറ്റുമിൻ/ കി.ഗ്രാം. vg-30 | ss-1 | rs-1 |
|---|---|---|---|---|
| 1 | നാടിച്ചിക്കുഴി റോഡ് | 762.13 | 305.58 | 98.91 |
| 2 | ചെറലക്കുന്ന് പാറയംകുന്ന് കോളനി റോഡ് റീ-ടാറിംഗ് | 1992.16 | - | 200 |
| 3 | പ്ളാവിട വടക്കുംപാടം റോഡ് റീ-ടാറിംഗ് | 617.94 | 71.06 | 227.73 |
| 4 | കുമരമ്പിള്ളി റോഡ് റീ-ടാറിംഗ് | 471.8 | - | - |
| 5 | കാതിക്കുടം ഓൾഡ് കൃഷിഭവൻ റോഡ് റീ-ടാറിംഗ് | 1205.04 | - | - |

മേൽ പ്രവൃത്തികൾ പൂർത്തീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-11 ബിറ്റുമിൻ വാങ്ങൽ - നല്കിയ തുകയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചില്ല, ബിൽ പ്രകാരം മാറിയ തുക ചെലവഴിയ്ക്കാതെ അക്കൗണ്ടിൽ നിലനിൽക്കുന്നു

16-17 സാമ്പത്തിക വർഷം ബിറ്റുമിൻ വാങ്ങുന്നതിനായി അസിസ്റ്റന്റ് എഞ്ചിനീയർ ബിൽ പ്രകാരം മാറിയ 1632793/- രൂപയിൽ 16,13,745/- രൂപ സെക്രട്ടറിയുടെ പേരിലുള്ള ടി.എസ്.ബി. അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയിൽ ടാർ വാങ്ങുന്നതിനായി 16,13,745/- രൂപ സെക്രട്ടറി ചെലവഴിച്ചിട്ടുണ്ട്. (HPCL-1196488,

HINCOL-417257). കൂടാതെ അസിസ്റ്റന്റ് എഞ്ചിനീയർ 538374/-രൂ.+11007/-രൂ. ചെലവഴിച്ചിട്ടുണ്ട്. (HPCL-461929, HINCOL-87452). ആകെ 2163126/- രൂപയിൽ 2155372.42 രൂപയ്ക്കുള്ള ബിറ്റുമിൻ ലഭിച്ചിട്ടുണ്ട്. ബാലൻസ് തുക 7751.62 രൂപ (5721.55+2030.07) എച്ച്.പി.സി.എൽ.-ൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

ബിറ്റുമിൻ വാങ്ങുന്നതിനായി വിവിധ ഫണ്ടുകളിൽ നിന്നും പിൻവലിച്ച തുകയിൽ ചെലവഴിക്കാതെ സെക്രട്ടറിയുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിൽക്കുന്ന 16944/- രൂപയും അസിസ്റ്റന്റ് എഞ്ചിനീയറുടെ ടി.എസ്.ബി. അക്കൗണ്ടിൽ നിൽക്കുന്ന 5937/- രൂപയുമുൾപ്പെടെ 22881/- രൂ.സഞ്ചിത നിധിയിലേയ്ക്ക് തിരിച്ചടയ്ക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ബ്ളോക്ക് പഞ്ചായത്ത് | 50000 | പാലിന് സബ്സിഡി | 50000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |
| ബ്ളോക്ക് പഞ്ചായത്ത് | 600000 | കമ്മ്യൂണിറ്റി ഹാളിൽ ഇ-ടോയ് ലറ്റ് നിർമ്മാണം | 371957 | 228043 |
| ജില്ലാ പഞ്ചായത്ത് | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവർത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നമ്പർ | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| KSEB | സ്ട്രീറ്റ് മെയിൻ എക്സ്റ്റൻഷൻ | - | 824640 | 824640 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിര നിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല.

## 4-8 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ വരവ് | 46943448 |
| ഓഡിറ്റ് വർഷത്തെ ചെലവ് | 44362346 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 847470 |

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിൻെറ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെപേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 161470 | ശ്രീമതി.സൂസൻ പോൾ വിതയത്തിൽ, ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| 3-4 | 100000 | ശ്രീ.വി.എൻ.നന്ദകുമാർ, സെക്രട്ടറി |

| | | |
|---|---|---|
| 3-5 | 75000 | ശ്രീ.വി.എൻ.നന്ദകുമാർ, സെക്രട്ടറി |
| 3-7 | 23000 | ഡോ.ജോഷി.ടി.ജെ., വെറ്ററിനറി സർജൻ |
| 3-8 | 400000 | ഡോ.ജോഷി.ടി.ജെ., വെറ്ററിനറി സർജൻ |
| 3-9 | 88000 | ഡോ.ദീപ്തി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. |
| ആകെ | 847470 | |

സി) കേന്ദ്ര – സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിൻെറ വിവരം

ഇല്ല.

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 78-79 | എൽ.എഫ്.ടി.(എസ്.2)-1086/11/2010-2011/ 10.01.12 |
| 79-80 | |
| 83-84 | |
| 85-86 | |
| 86-87, 87-88 | |
| 88-89, 89-90 | |
| 91-92 | |
| 92-93, 93-94 | |
| 94-95, 95-96 | |
| 96-97 | എൽ.എഫ്.ടി.8-395/98/ 22.09.98 |
| 97-98 | എൽ.എഫ്.ടി.7- 1471/98/ 09.03.09 |
| 98-99 | എൽ.എഫ്.ടി.7- 119/2000/ 20.05.2000 |
| 99-2000 വരവ് | എൽ.എഫ്.ടി.7-118/2000/ 20.05.2000 |
| 99-2000 ചെലവ് | എൽ.എഫ്.ടി.956/01/ 30.01.01 |

| | |
|---|---|
| 2000-01 | എൽ.എഫ്.ടി.14-1043/05/ 13.09.05 |
| 2001-02 | എൽ.എഫ്.ടി.14-1044/05/ 20.09.05 |
| 2002-03 | എൽ.എഫ്.ടി.14-1085/05/ 30.09.05 |
| 2003-04 | എൽ.എഫ്.ടി.14-440/06/ 02.06.06 |
| 2004-05 | എൽ.എഫ്.ടി.14-1398/08/ 05.09.09 |
| 2005-06 | എൽ.എഫ്.ടി.14-1399/08/ 05.09.09 |
| 2006-07 | എൽ.എഫ്.ടി.14-829/09/ 20.09.10 |
| 2007-08 | എൽ.എഫ്.ടി.14-1151/11/ 24.11.11 |
| 2008-09 | എൽ.എഫ്.ടി.പി3-2067/11/ 23.01.12 |
| 2009-10 | എൽ.എഫ്.ടി.പി3-1083/12/ 12.10.12/04.02.13 |
| 2010-11 | എൽ.എഫ്.ടി.പി3-1082/12/ 12.10.2012/04.02.13 |
| 2011-12 | എൽ.എഫ്.ടി.പി7-893/2013 തി.13.01.13/03.01.14 |
| 2012-13 | എൽ.എഫ്.ടി.പി7-459/14 തി.11.09.14/5.12.1 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.പി.7- 1184/15 തി.19.10.15/3.11.15 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.പി.7 - 1218/16 തി.25.07.2016/30.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.പി.7-2039/16 തി.16.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

# അനുബന്ധം1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ.ടി.എസ്.ആർ/പി.7-1707/17

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ-20
ഫോൺ - 0487 2331240
ഇ.മെയിൽ-dotsr.ksad@kerala.gov.in
തീയ്യതി:01/12/2017

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ് 1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തൃശ്ശൂർ ജില്ലയിലെ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കാട്ടുകുറ്റി ഗ്രാമപഞ്ചായത്തിന്റെ 2016-17ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം,
തൃശ്ശൂർ.

No.KSA.TSR(P7)1707/17

Kerala State Audit Department,
District Audit Office, Thrissur-20.
Phone: 0487 2331249
E.mail- dotsr.ksad@kerala.gov.in
Date:01/12/2017

AUDIT CERTIFICATE

Certified that I have audited the Annual Financial Statement of Kadukutty Grama Panchayat in Thrissur District for the year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Kadukutty Grama Panchayat for the year 2016-17 except the observations in my audit report properly presents the picture of income and expenditure.

Deputy Director,
District Audit Office,
Thrissur